(ഡി) അന്വേഷണ റിപ്പോർട്ടിന്മേൽ അച്ചടക്ക നടപടികൾ ഉൾപ്പെടെ തുടർ നടപടികൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ്.

മന്ത്രി മന്ദിരങ്ങൾ

126 (5831) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മന്ത്രിമാർക്കായി എത്ര പുതിയ മന്ത്രിമന്ദിരങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നു വരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) എവിടെയൊക്കെയാണ് പുതിയ മന്ദിരങ്ങൾ നിർമ്മിക്കുന്നതെന്നും അവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ ;

(സി) പുതിയതായി നിർമ്മിക്കുന്ന ഓരോ മന്ദിരങ്ങളുടെയും ചെലവ് എത്ര വീതമാണെന്നറിയിക്കുമോ ;

(ഡി) പ്രസ്തുത മന്ത്രിമന്ദിരങ്ങളുടെ നിർമ്മാണം എന്ന് പൂർത്തിയാക്കാനാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത് ;

(ഇ) പ്രസ്തുത മന്ത്രിമന്ദിരങ്ങൾകൂടി പൂർത്തിയാകുമ്പോൾ സംസ്ഥാനത്ത് ആകെ എത്ര മന്ത്രിമന്ദിരങ്ങൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇനിയും കൂടുതലായി പുതിയ മന്ത്രിമന്ദിരങ്ങൾ നിർമ്മിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പുതിയതായി 6 മന്ത്രി മന്ദിരങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

(ബി) 4 എണ്ണം കന്റോൺമെന്റ് ഹൗസ് കോംപൗണ്ടിലും ഒരെണ്ണം എസ്റ്റേറ്റീൻ കോംപൗണ്ടിലും ഒരെണ്ണം ലിന്റേഴ്സ് കോംപൗണ്ടിലുമാണ് നിർമ്മിക്കുന്നത്. കന്റോൺമെന്റ് ഹൗസ് കോംപൗണ്ടിലുള്ള 4 മന്ദിരങ്ങളുടെ സെല്ലാർ ഉൾപ്പെടെ 3 നിലകളുടെയും ലിന്റേഴ്സ്, എസ്റ്റേറ്റീൻ കോംപൗണ്ടിലുള്ള 2 മന്ദിരങ്ങളുടെ 2 നിലകളുടെയും റൂഫ് സ്ലാബ് കോൺക്രീറ്റ് പൂർത്തിയായി. 5 മന്ദിരങ്ങളുടെ ചുമരിന്റെ പണികൾ, പ്ലാസ്റ്ററിംഗ്, തടിപ്പണി എന്നിവ പുരോഗമിക്കുന്നു. കന്റോൺമെന്റ് കോംപൗണ്ടിലുള്ള ഒരു മന്ദിരത്തിന്റെ കാർഷെഡ്ഡിന്റെ കോൺക്രീറ്റിനുള്ള പണികൾ നടന്നുവരുന്നു.

(സി) കന്റോൺമെന്റ് കോംപൗണ്ടിലുള്ള 4 മന്ദിരങ്ങൾക്കും കൂടി ആകെ കോൺട്രാക്ട് തുക 491.05 ലക്ഷം രൂപയും എസ്റ്റേറ്റീൻ, ലിന്റേഴ്സ് എന്നീ കോംപൗണ്ടുകളിലുള്ള 2 മന്ദിരങ്ങൾക്കും കൂടി ആകെ കോൺട്രാക്ട് തുക 245.69 ലക്ഷം രൂപയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2011 ജനുവരി മാസത്തോടുകൂടി എല്ലാ മന്ത്രിമന്ദിരങ്ങളുടെയും നിർമ്മാണം പൂർത്തിയാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) 21 എണ്ണം.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

പദ്ധതി വിനിയോഗം

127 (5832) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ സാമ്പത്തിക വർഷത്തിന്റെയും അവസാന പാദത്തിൽ വർദ്ധിതമായി പദ്ധതി വിഹിതം വിനിയോഗിക്കുന്ന രീതി ഗുണകരമല്ലെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ബി) എങ്കിൽ ഇത് നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ;

(സി) മാർച്ചിലെ പദ്ധതി വിനിയോഗം പദ്ധതി അടങ്കലിലന്റെ എത്ര ശതമാനമായി നിജപ്പെടുത്തും ;

(ഡി) മാർച്ച് മാസത്തിൽ മുൻകൂറായി പണം പിൻവലിച്ച് പദ്ധതി ചെലവിനായി കാണിക്കുന്ന പ്രവണത എപ്പോഴെങ്കിലും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതു തടയുന്നതിനായി മാർച്ച് മാസം മുൻകൂറായി പണം പിൻവലിക്കുന്ന കാര്യത്തിൽ കർശന നിയന്ത്രണം ഏർപ്പെടുത്തുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി - ഇ) 12-6-2009-ലെ 49/09/ധന നമ്പർ സർക്കുലർപ്രകാരം ഓരോ സാമ്പത്തിക വർഷത്തിന്റെയും അവസാന പാദത്തിൽ വർദ്ധിതമായി പദ്ധതി വിഹിതം വിനിയോഗിക്കുന്നത് ഒഴിവാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലും കാര്യക്ഷമമായി പദ്ധതി വിഹിതം വിനിയോഗിക്കുന്നത് ഉറപ്പുവരുത്തുന്നതിനുമായി സർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സാമ്പത്തിക വർഷത്തിന്റെ ആദ്യപാദാന്ത്യം, രണ്ടാം പാദാന്ത്യം, മൂന്നാം പാദാന്ത്യം, അവസാന പാദം ആകുമ്പോഴേക്ക് മൊത്തം പദ്ധതിവിഹിത വിനിയോഗം യഥാക്രമം 10, 40, 70, 100 ശതമാനമായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് മാർച്ച് മാസത്തിലെ പദ്ധതി വിനിയോഗം പദ്ധതി അടങ്കലിന്റെ 30 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതി നടത്തിപ്പിലെ കാലതാമസം ഒഴിവാക്കാനായി 6-8-2008-ലെ സർക്കാർ ഉത്തരവ് (പി)

LIBRARY ARCHIVES Kerala Legislative Assembly